പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4205 13.12.2018 ലെ മറുപടിക്ക്

**കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) പരമ്പരാഗത മേഖലയിലെ തൊഴിലും വരുമാനവും സംരക്ഷിച്ച് വ്യവസായത്തെ ആധുനീകരിക്കുകയെന്നതാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള നയം. ഈ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന രണ്ടാം കയർ പുന:സംഘടനയുടെ ഊന്നലുകളിലൊന്ന് സഹകരണമേഖലയുടെ നവീകരണവും പുനരുദ്ധാരണവുമാണ്.<br>കേരളം കയർ വ്യവസായ രംഗത്ത് നേരിടുന്ന അടിസ്ഥാനദൗർബല്യങ്ങളെ പരിഹരിക്കാനാണ് രണ്ടാം കയർ പുന:സംഘടന ലക്ഷ്യമിടുന്നത്.ഈ പദ്ധതിയിലെ സഹകരണസംഘങ്ങൾ വഴിയുള്ള ഇടപെടലിന് എൻ.സി.ഡി.സി. യിൽ നിന്നും 200 കോടി രൂപയുടെ സഹായം ലഭ്യമായിട്ടുണ്ട്.<br>ചകിരിയുടെ ദൗർലഭ്യമാണ് കയർ സഹകരണ സംഘങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നവൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.<br>കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നു..<br>സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര |

| | |
|---|---|
| | പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.കയർപിരിമേഖലയിൽ പരമ്പരാഗത റാട്ടുകൾക്ക പകരം ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടിൽ കയർപിരിക്കുന്നതിന് ഒരു തൊഴിലാളി മതി എന്നതിനാൽ സംഘങ്ങൾക്ക് ഇത് ലാഭകരമാണ്. ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിന് കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി വി സി എസ് ലി. നം. 721 ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു. |
| ബി) കയർ വ്യവസായത്തിന്റെ വളർച്ചയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ; വിശദീകരിക്കാമോ? | ബി) കയർമേഖലയുടെ സമഗ്ര നവീകരണത്തിനായി രൂപം കൊടുത്തു നടപ്പിലാക്കുന്ന പരിപാടിയാണ് രണ്ടാം പുന:സംഘടന.ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക പങ്ക് നേടി സ്വാശ്രയത്വം കൈവരിക്കാനാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഫെബ്രുവരി മാസത്തോടെ 100 ഡി.എഫ്. മില്ലുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജലസംരക്ഷണ പദ്ധതിയിലും, കാർഷിക പദ്ധതികളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചതാണ് മറ്റൊരു പ്രധാനപ്പെട്ട നടപടി. 2017 കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കരാർ പഞ്ചായത്തുകളുമായി ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.കയർമേഖലയുടെ വികസനത്തിന് ഏറെ സഹായിച്ച ഒരു പദ്ധതിയാണിത്.<br><br>കയർമേഖലയ്ക്കാവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കുന്നതിൽ സ്വകാര്യ സംരംഭകരെ കൂടി പങ്കെടുപ്പിക്കുന്നതിനുവേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50% സബ്സിഡിയിൽ |

| | |
|---|---|
| | ഇവർക്ക് ഡി.എഫ്. മിൽ നൽകുന്നതിനുള്ള സ്കീം നടപ്പിലായി കഴിഞ്ഞു.<br>കയർ മെഷിനറി ഫാക്ടറി നടപ്പ സാമ്പത്തിക വർഷം പൂർണ്ണശേഷിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയർ മെഷിനറി ഫാക്ടറി കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ഡി.എഫ്. മെഷീൻ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ട്, വില്ലോയിംഗ് മെഷീൻ, സ്പളിംഗ് മെഷീൻ, ഇൻറഗ്രേറ്റഡ് കയർ പ്രോസസിംഗ് യൂണിറ്റുകൾ, മറ്റ് അനുബന്ധ യന്ത്രങ്ങൾ എന്നിവ കയർമേഖലയ്ക്കായി നിർമ്മിച്ച് നൽകുന്നു.<br>ഇത് കയർ വ്യവസായത്തിനാവശ്യമായ യന്ത്ര സാമഗ്രികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയിൽ നിന്നും കയർ യന്ത്രങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ